**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1401** **07-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച തൊഴിലാളികൾക്കുള്ള ഇ.എസ്.ഐ. ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം മരണമടഞ്ഞ ഇ.എസ്.ഐ. യിൽ ഉൾപ്പെട്ട തൊഴിലാളികളുടെ ആശ്രിതർക്ക് കേന്ദ്ര സർക്കാർ ആശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | കോവിഡ് മൂലം മരണമടഞ്ഞ ഇ.എസ്.ഐയിൽ ഉൾപ്പെട്ട തൊഴിലാളികളുടെ ആശ്രിതർക്കായി ഇ.എസ്.ഐ കോർപ്പറേഷൻ “ESIC COVID-19 RELIEF SCHEME” പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:- 1948 ലെ ഇ.എസ്.ഐ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 'തൊഴിലാളി' കോവിഡ്-19 രോഗം മൂലം മരണപ്പെടുകയാണെങ്കിൽ മരണമടഞ്ഞ തൊഴിലാളിയുടെ വേതനത്തിന്റെ 90% വരെയുള്ള തുക, ആ വ്യക്തിയുടെ ആനുകൂല്യത്തിന് അർഹതയുള്ള ആശ്രിത കുടുംബാംഗങ്ങൾക്ക്, നിശ്ചിത അനുപാതത്തിൽ വിഭജിച്ച്, എല്ലാ മാസവും അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് വിതരണം ചെയ്യുന്നതാണ്. ഈ പദ്ധതി പ്രകാരമുള്ള കുറഞ്ഞ ആനുകൂല്യം പ്രതിമാസം 1800 രൂപയായിരിക്കും. മരണപ്പെട്ട തൊഴിലാളിയുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവിന് വർഷത്തിൽ 120 രൂപ അടച്ച് ഇ.എസ്.ഐ ചികിത്സ ആനുകൂല്യവും നേടാവുന്നതാണ്. കോവിഡ്-19 രോഗം മൂലം മരണമടഞ്ഞ 'തൊഴിലാളി', മരണത്തിന് കാരണമായ കോവിഡ്-19 രോഗനിർണയം നടത്തിയ തീയതിയ്ക്ക് കുറഞ്ഞത് മൂന്ന് മാസം മുമ്പെങ്കിലും ഇ.എസ്.ഐ.സി ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിരിക്കുകയും രോഗനിർണയം നടത്തിയ തീയതിയിൽ ജോലിയിൽ ഉണ്ടായിരിക്കുകയും കൂടാതെ കോവിഡ-19 രോഗനിർണയം നടത്തിയ തീയതിയ്ക്ക് തൊട്ടുമുൻപുള്ള പരമാവധി ഒരു വർഷ കാലയളവിൽ അദ്ദേഹത്തിന്റെ പേരിൽ കുറഞ്ഞത് 70 ദിവസത്തെ അംശാദായം അടയ്ക്കുകയോ അടയ്ക്കാൻ അർഹത ഉണ്ടായിരിക്കുകയോ ചെയ്തിരിക്കണം. 24.03.2020 |

| | | | |
|---|---|---|---|
| | | | മുതൽ മുൻകാല പ്രാബല്യത്തോടെ രണ്ടു വർഷത്തേക്കാണ് പദ്ധതി തുടക്കത്തിൽ നടപ്പാക്കുക. ഈ ആനുകൂല്യത്തിനുള്ള അപേക്ഷ മരണപ്പെട്ട തൊഴിലാളിയുടെ കോവിഡ്-19 പോസിറ്റീവ് റിപ്പോർട്ടും മരണ സർട്ടിഫിക്കറ്റും അടക്കം അടുത്തുള്ള ഇ.എസ്.ഐ.സി ബ്രാഞ്ച് ഓഫീസിൽ നൽകാവുന്നതാണ്. മുഴുവൻ രേഖകളും സഹിതമുള്ള അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ അപേക്ഷയിൽ തീരുമാനമെടുക്കുന്നതാണ്. |
| (ബി) | രോഗബാധിതരായ തൊഴിലാളികൾക്കും കുടുംബങ്ങൾക്കും ഇ.എസ്.ഐ. മുഖേന സംസ്ഥാനത്ത് സൗജന്യമായി ചികിൽസ ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കോവിഡ് -19 ന്റെ ഭാഗമായി ഏതെങ്കിലും ഇ.എസ്.ഐ ഗുണഭോക്താവോ ആശ്രിതനോ സംസ്ഥാന സർക്കാർ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന പക്ഷം ടി ചികിത്സയ്ക്ക് ചെലവാകുന്ന തുക റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ പൊതു ആരോഗ്യ സംവിധാനത്തിലൂടെ സൗജന്യ കോവിഡ് ചികിൽസ ലഭിക്കുന്ന തൊഴിലാളികളുടെ ചികിൽസാ ചെലവ് ഇ.എസ്.ഐ. സംസ്ഥാനത്തിനോ, തൊഴിലാളികൾക്കോ നൽകാറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ